(ബി) നടപ്പുവർഷത്തിൽ ഇവയിൽ ഏതെങ്കിലും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) നെടുമങ്ങാട്ടുതാലൂക്കിലുള്ള ബോണക്കാട്ട്, പൊൻമുടി എന്നീ തോട്ടങ്ങളും, ഉടമകളും കൈമാറ്റം ചെയ്യുന്നതിലേയ്ക്കു ആലോചിച്ചു വരുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈമാറ്റം ചെയ്യപ്പെടുന്ന അവസരത്തിൽ തൊഴിലാളികൾക്കു ന്യായമായി ലഭിക്കേണ്ടുന്ന വീതം മാനേജ്മെൻറിനെകൊണ്ടു് കൊടുപ്പിക്കുന്നതിനു് ഗവണ്മെൻറു ശ്രദ്ധിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 89.

(ബി) I പത്രക്കോലത്തേയിലത്തോട്ടം (കോട്ടമല) പീരുമേട് താലൂക്കു്.

(സി) കൈമാറ്റം ചെയ്യുന്നതിനു ആലോചിക്കുന്നതായി അറിവില്ല.

Sitaram Spinning and Weaving Mills, Trichur.

* 1061. [65] Shri A. A. D. Luiz: Will the Minister for Industries and Labour be pleased to state whether the Sitaram Spinning and Weaving Mills, Trichur has been working satisfactorily during the past eighteen months?

Minister for Health (Shri A. A. Rahim):

Yes. The net profit earned for the period from 2-11-53 to 31-3-55 after providing for bonus, gratuity, depreciation etc. comes to Rs. 90,728-15-7.

അദ്ധ്യാപകന്മാരുടെ ഒഴിവുകൾ.

* 1062. [66] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷാരംഭത്തിൽ സംസ്ഥാനത്തു പ്രൈമറി സ്കൂളുകളിൽ എത്ര അദ്ധ്യാപകന്മാരുടെ ഒഴിവുകൾ ഉണ്ടായിരുന്നു;

(ബി) വിവാദവർഷത്തിൽ എത്ര പുതിയ നിയമനങ്ങൾ നടത്തിയെന്നും ഇപ്പോൾ എത്ര ഒഴിവുകൾ പൂരിപ്പിക്കാതെ കിടപ്പുണ്ടെന്നും പറയാമോ;

(സി) മാടായിക്കോണം പ്രൈമറി സ്കൂളിലെ അദ്ധ്യാപകന്മാരുടെ ഒഴിവിൽ നിയമനങ്ങൾ നടത്താതിരിക്കാൻ പ്രത്യേകം കാരണങ്ങൾ എന്തെങ്കിലും ഉണ്ടോ;

(ഡി) അദ്ധ്യാപകന്മാരുടെ ഒഴിവുകൾമൂലം വിദ്യാഭ്യാസകാര്യത്തിലെ വിഷമത്തെ പരിഹരിക്കാൻ ഗവണ്മെൻറിനു പുതിയതായി എന്തെങ്കിലും നിർദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly